അങ്ങിനെയുള്ള ജനങ്ങളുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായിട്ട് ഗവണ്മെണ്ടു് പ്രവൃത്തിക്കുകയില്ലെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

(ii) Cut-motion regarding the work of the Election Department be accelerated—Mr. P. Kumaran Ezhuthassan

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, I move that the amount of Rs. 2,553 for Establishment—Election Department in Demand No. 38 be reduced by Re. 1. *To urge on the Government that the work of the Department may be accelerated.*

It was not Sir, only upon the study of the explanatory note with reference to this demand that my cut-motion was worded. There were additional factors also which came in hand o help me in wording the cut-motion. That was the sufficiently early receipt of the Budget Book for the next year. I find, Sir, at page 91 of that neatly printed book—"election officers—two—on a cadre of Rs. 200-300—Rs. 5,099" Establishment etc., amounting to Rs. 12,166 and allowances coming to Rs. 13,686 and contingencies coming to Rs. 1,42,900 in all a proposal to spend Rs. 2,37,800 in the course of next year on the Election Department. I emphasise 'in the course of next year'. A budget, which is not a play thing, but a well calculated, well reasoned, well thought out plan of expenditure for the ensuing year says that this department is to run on atleast for the first 11 months of the next year. The normal time of the election is Edavam, the Council normally ought to break up in the month of Meenam—that is the last meeting. This item is therefore an indication of the speed at which, whoever be at the helm of affairs, whether it be, the Ministers or whether it be the Cabinet or whether it be the Reforms Commissioner, whoever be at that work arrangements for the general election are made. The idea does not seem to be one of acceleration the purpose noted in my cut but one of retarding and that for very good reasons. I shall not explain. There is no necessity for it.

Mr. P. Govinda Menon *(Minister for Food and Education):* Please do.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, on the invitation of my esteemed friend I am constrained to give the reasons too. Now in place of the former practice of 20 long years we have noted a changed position as far as the members' remuneration is concerned. In place of the wooden Government of the previous years we have got—that is the assumption—a responsible Ministers' Government of a cabinet type with a reasonable pay of Rs. 500 for each of the Ministers, which all told costs the tax payer about Rs. 2,000 per individual member of the Ministry I mean each of the Ministers. Human nature being what it is, Sir, it is likely that no one in this enviroment will be anxious to feel that this should be put an end to and the ordeal, not the normal ordeal of a general election, but the peculiar kind of an election under an adult franchise system, in a country which has not been able to introduce compulsory Primary education even thus far. That is the ordeal instore in the general election field—a sight for the Gods to see! If people think, Sir, that anyone, inclusive of the Ministers will be attempting to put off that eventful day in Cochin history, you cannot reasonably blame that thing in that way. Our Ministers may not be thinking in that line, Sir, something at page 91 of the budget book. I am of the opinion, in support of such a feeling is here Sir, that these budget proposals also must have undergone the scrutiny of the Cabinet consisting of our 4 representatives in it. They will not say 'no' to this, I know they will not. Therefore with the imprimatur of the Hon'ble Ministers our representatives, the Government proposed to run this Election Department for full 11 months at least. Therefore it is, I submit Sir, that I have worded the cut motion that the election work may be accelerated. I have also followed up this cut motion through other methods open to me. This being the first opportunity I wanted to avail myself of that also, I have sent up a cut motion under this very head, just to show what my feelings in this matter are and what I want the Government to do. That may or may not be rectified. There are yet other methods also in my contemplation which I may have to resort to even today to see that the Government's attitude of supreme lethargy in the matter of this general election is forced to be given up by them, willingly or otherwise.

Now Sir, it was stated in answer to a query that the Commissioner for Election, that is the Commissioner for Reforms who was also given this title of Commissioner for Election Chief Officer for Elections was appointed long ago. The two Assistants were also appointed long ago—facts known to me and to every hon'ble colleague of mine in this House. Now Sir, these two gentlemen, these assistants on Rs. 200-300 have been drawing a comfortable pay for the month of Kumbham, Meenam, Medam Edavam, Mithunam and Karkadagam which is close at

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

hand and what have they done? They have not done any hing thus far is a stark reality. The Government, I am sure, Sir, will not deny it. The enumerators have not thus far been appointed. The answers supplied by the Chief Secretary—the Hon'ble Chief Secretary to Government—also show that the underpaid and famished teachers are attempted to be roped in for the work also. They are attempted by the Government of the day for a pittanc of Rs. 25 for enumerating 500 houses for doing a very responsible work for the Government. I am cock sure, Sir, that these good men will not be tempted this time, in spite of their poverty. In the first place Mr. President, the remuneration offered by the Government is not only non-tempting but even including the papers I understand—from Government papers, communicated to me in my capacity as a manager of a school—I understand, Sir, that the original proposal was to give an.....

Rao Sahib A. Madhava Prabhu (*Chief Secretary to Government*): The original proposal is Rs. 50 for 1,000.

Mr. P. Kumaran Ezhuthassan (*Vadakkancheri*): No, Sir. I have got the Government paper to show that it is not so. As a manager I have been requested, supplying with a copy of the circular to send up a list of the teachers who are prepared to take up this work for this insulting remuneration for enumerating 20 houses for 16 annas. In that communication, Sir, I find that the remuneration of Rs. 50 was not for enumerating 1000 houses as the language used therein will show, but that the proposal was this.

Rao Sahib A. Madhava Prabhu (*Chief Secretary to Government*): There was a proposal and a counter proposal.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Yes, Mr. President, there may be so many propasals and counter-proposals because the matter is not properly thought out before you formulate proposals. Even the proposal of Rs. 50 taking it to be 500 houses, that is also meagre. If the Government is evincing great anxiety to save expenditure in this matter, when they are frittering away the moneys of the State in other unnecessary directions reducing the renumeration to Rs. 25 I tell them Sir, that they are applying axe in the wrong direction. Even if these poor persons in their misery accept the insulting proposals of the Government experience will tell them that this meagre sum of Rs. 25 for heavy and responsible work done by them they will not be getting the amount even months after the work.

Because the checking of ration cards conducted in January 1947 and the big remuneration of Rs. 5—that big sum—there are teachers in the aided schools still who have not got it, Of course they do get a writing in red ink, "good work done" in the hand writing of the Director of Public Instruction—a meritorious certificate! But this certificate will not fill their stomach or those of their family members. With this experience Sir, will a teacher worth his name ever accept this and agree to undertake the work?

So with this background, Mr. President, where are we? What have the Government of the day done for the elections, not for expediting the work, but even to work it out in a slow method. What have you done I ask the Government of the day? They have not done anything at all yet. Therefore I am right in thinking that there is a conspiracy so to see that the elections do not come off at the normal time, even a deliberate conspiracy to put it off for as many months and years as possible is the popular impression. My conscience tells me, Sir, that I am correct in this view. I believe I am justified in thinking that your conscience also tells you that it is so, but you will not express it.

Therefore, Sir, I submit that the Government have to see to it that this attitude is given up and the work is accelerated, that the pay inclusive of Karkadagam drawn by these officers and their staff, if appointed already which I doubt much must be ordered to be refunded to the Government to be spent for other useful purposes. Remuneration must be given for work done, if no work has been done, remuneration cannot be paid from the taxpayer. If work has not been extracted by the persons who are bound to do it, sitting in the direction chair, they must be taken to task and everything that is necessary should be done to see that the taxpayers' money is not herethrough this cut. I have no quarrel with the Government in their supreme lethargy and want of wisdom in the earlier months. You stand excused provided you undertake solemnly that from this day in the evening from 5-30 onwards even your attitude will be changed, results will be produced and the elections will be arranged to be conducted at least at the normal time—at least. But in the gracious message, reference to which was made by me the idea was not to have the elections at the normal time what we find in the gracious message, Sir, is that an Interim Government undertaken to be run by the leaders mentioned therein. Interim Government has got no meaning, Sir, if the Government deliberately or otherwise put off the elections. Even the

LIBRARY ARCHIVES Kerala Legislative Assembly

Interim Government at Delhi in the period of a foreigner exploiters' rule—exploiters' rule in antithesis to the Government here in Ernakulam by Cochinites—is coming to an end shortly much earlier than the foreigner first arrived. When a foreigners' Government under an Interim Government can produce such results, cannot in beautiful, enlightened Cochin, presided over by our present Maharaja, aided and advised by a Cochin Diwan and four of our own representatives, could they not produce better results? Can we not expect it legitimately, Sir, is the question I put to the Government of the day we expect it of them. But expectations vanish in the thin air by your action—by the action of the Ministers the lethargy of the Ministers.

Therefore, Sir, brisk up and see that there is no attempt, there is no occasion given by you, by your act of omission or of commission or of wilful thinking or negligence that you have to listen to these unwilling but dutyful remarks here. Of course if the matter has to be pressed to a division I but do it. But the Government of the day can avoid it. But I shall not hesitate to do so, if need be, though the Government of the day is numericall very strong. Therefore, Sir, with these observations made by me in the interests of all I commend the motion for dispassionate consideration on its merits and on nothing else. Sir, I move.

മിസ്സർ എം. ഒ. തോമക്കുട്ടി: സർ, ഈ ഖണ്ഡനോപക്ഷേപത്തെ ചില ഉപാധിയോടുകൂടി അനുകൂലിക്കുന്നു. പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയുള്ള തിരഞ്ഞെടുപ്പ് ഒന്നോ, രണ്ടോ കൊല്ലത്തിനുള്ളിൽമാത്രമെ നടക്കയുള്ളുവെന്നു ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാകുന്നു. പക്ഷെ, അതിനുമുമ്പ് അടിയന്തിരമായി ചെയ്യേണ്ടതു് ഐക്യകേരള മഹോത്സവത്തിൽവെച്ചു് മഹാരാജാവു തിരുമനസ്സുകൊണ്ടു് കൂടുതൽ വിശ്വാസം ഉണ്ടെന്നു രേഖപ്പെടുത്തിയ മന്ത്രിമാരിൽ പൊതുജനങ്ങൾക്കു് വിശ്വാസമുണ്ടൊ എന്നു അറിയുന്നതിനു് ഒരു റഫറണ്ടം എടുക്കുകയാണു്. ക്ഷേണക്ഷാമം കൊടുമ്പിരി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലാണു് അങ്ങിനെയുള്ള ഒരു റഫറണ്ടം എടുക്കേണ്ടതും അതിനെപ്പറ്റി ചർച്ചചെയ്യേണ്ടതും. ഇപ്പോഴത്തേക്കാൾ കൂടുതൽ ഉത്തരവാദിത്വമുള്ള ഭരണം, ഏറ്റെടുത്തണമോ, വേണ്ടയോ, എന്നുള്ളതു്, ഈ വിധത്തിൽ തീരുമാനമെന്നാണു് എന്റെ അഭിപ്രായം. ഇത്തരത്തിലുള്ള ഒരു ഭേദഗതിയോടുകൂടി ഞാൻ ഇതിനെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട സാമാജികന്മാർ, എന്റെ ഈ അഭിപ്രായത്തോടു യോജിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇങ്ങിനെ ഒരു ഭേദഗതിയോടുകൂടി പ്രമേയം കൊണ്ടുവരുന്നതിനു് എന്റെ മാന്യ സ്നേഹിതൻ ധാരാസിങ്ങിനോടു് അനുവദിപ്പെടുകയും, ബഹുമാനപ്പെട്ട മന്ത്രി, അതിനെ ചർച്ചചെയ്യുന്നതിനു് അനുവദിക്കുകയും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതിനെ അനുകൂലിക്കുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഈ ഉപക്ഷേപത്തിനു് അവസാനമായി ഗവണ്മെണ്ടുഭാഗത്തിനുവേണ്ടി ചീഫ്സിക്രട്ടറി മറുപടിപറയുന്നതായിരിക്കും. എന്നാൽ ഈ ഉപക്ഷേപത്തിൽ അവതരിപ്പിച്ച കാര്യങ്ങളെപ്പറ്റി ഒട്ടനേകം തെറ്റിദ്ധാരണകൾ ഉണ്ടെന്നു് എനിയ്ക്കറിയാൻ ഇടവന്നിട്ടുള്ളതുകൊണ്ടു് ഇതിനെസംബന്ധിച്ചു് ഞാൻ രണ്ടു് വാക്കു് പറയാൻ ഉദ്ദേശിക്കുകയാണു്. ഈ വക കാര്യങ്ങളെക്കുറിച്ചു് വളരെ അധികം ശ്രദ്ധിച്ചു സംസാരിക്കാവുള്ള എന്റെ മാന്യസ്നേഹിതൻ കുമാരനെഴത്തശ്ശൻപോലും, വരുന്ന ഒരു കൊല്ലത്തേയ്ക്കു് മുഴുവൻ ബഡ്ഡറ്റിൽ ഇതിനുവകകൊള്ളിച്ചിട്ടുള്ളതുകൊണ്ടു് തിരഞ്ഞെടുപ്പു്, ഒരു കൊല്ലത്തിനകത്തു് എങ്കിലും നടത്തും എന്നുള്ള പ്രതീക്ഷയോടുകൂടിയാണു് സംസാരിച്ചിട്ടുള്ളതു്.

ഒട്ടധികം തെറ്റിദ്ധാരണകൾ ഉണ്ടെന്നു പറയുതു് പരമാർത്ഥമാണു്. പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം ഉണ്ടാകുന്നതോടുകൂടി, അപ്പപ്പോൾ ഉണ്ടാകുന്ന തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനു്, പ്രത്യേകം ഒരു ഡിപ്പാർട്ട്മെൻറ് എതുയും അത്യാവശ്യമാണു്. വരുന്നകൊല്ലത്തിൽ തിരഞ്ഞെടുപ്പുകഴിഞ്ഞാൽ ഉടനെ, എലക്ഷൻ ഡിപ്പാർട്ട്മെൻറ് ഇല്ലാതാകുകയില്ല. പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തുന്നതിനും, മുൻസിപ്പൽ തിരഞ്ഞെടുപ്പ് നടത്തുന്നതിനും, നിയമസഭയുടെതന്നെ ഇടയ്ക്കിടയ്ക്കുണ്ടാകുന്ന ഉപതിരഞ്ഞെടുപ്പുകൾ നടത്തുന്നതിനും, ഒരു പ്രത്യേക ഡിപ്പാർട്ട്മെൻറ് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഉണ്ടാകാറുണ്ടു്. ഈ വിധത്തിലുള്ള ഒരു ഡിപ്പാർട്ട്മെൻറാണു് എലക്ഷൻ ഡിപ്പാർട്ട്മെൻറ് എന്നുപറയുന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. രണ്ടു് ലക്ഷത്തിലധികം സംഖ്യ ബഡ്ഡറ്റിൽ കൊള്ളിച്ചിട്ടുള്ള

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

തു", എലക്ഷൻ ചിലവ്കൂടി ഉൾപ്പെട്ടത്തിയാണു". അതിനാൽ ഇതു് നീട്ടിക്കൊണ്ടു പോകാനുള്ള ഉദ്ദേശമുണ്ടെന്നു് ആരും തെറ്റിദ്ധരിക്കേണ്ട എന്നുപറയാൻ ഞാൻ ഈ അവസരത്തെ ഉപയോഗിക്കുന്നു.

രണ്ടാമതു് കോൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസറി കമ്മിറ്റിയുടെ പ്രവർത്തനപരിധിയിൽപ്പെട്ട സംഗതികളെക്കുറിച്ചുള്ള തെറ്റിദ്ധാരണയെപ്പറ്റിയാണു് എനിയ്ക്കു് പറയുവാനുള്ളതു്. കോൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസറിക്കമ്മിറ്റിയുടെ ചെയർമാനും ഒരു മന്ത്രിയും എന്നുള്ള നിലയിൽ മാത്രമല്ല് ഞാൻ ഇതുപറയുന്നതു്. അതായതു് നിയമസഭയിൽനിന്നു് തിരഞ്ഞെടുക്കപ്പെട്ട ഒരുദ്യോഗസ്ഥന്റെ നിലയിൽ, ഞാൻ കോൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസറി കമ്മിറ്റിയിലെ ഒരംഗമാണു"; മറ്റുമന്ത്രിമാരും അതിലെ അംഗങ്ങളാണു". തിരഞ്ഞെടുപ്പുനടത്താൻ വോട്ടർമാരുടെ പട്ടിക തയ്യാറാക്കുകയെന്നുള്ളപ്രവൃത്തി, ആ, കമ്മിറ്റിയുടെ അധികാരപരിധിയിൽപെട്ടതല്ല. അങ്ങിനെയുള്ള തെറ്റിദ്ധാരണയുള്ളതുകൊണ്ടുമാത്രം, അതിനെ വിശദീകരിയ്ക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുന്നതാണു". കോൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസറിക്കമ്മിറ്റിയുടെ പ്രവർത്തനങ്ങളും നീണ്ടുപോകുന്നു എന്നുള്ള തെറ്റിദ്ധാരണ ചിലരുടെ ഇടയിലുണ്ടു്. കോൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസറിക്കമ്മിറ്റിയ്ക്കു് മുന്നു് ചുമതലകളാണു് മഹാരാജാവു്തിരുമനസ്സുകൊണ്ടു് ഏല്പിച്ചുകൊടുത്തിട്ടുള്ളതു്. ഒന്നു്, ഇന്ത്യൻയൂണിയനുമായി കൊച്ചി രാജ്യത്തിനുണ്ടാകേണ്ട ബന്ധങ്ങളെക്കുറിച്ചു് അപ്പപ്പോൾ ഗവർമ്മെണ്ടിനുവേണ്ട ഉപദേശങ്ങൾ നല്കുക. ഇതിനെസംബന്ധിച്ചുള്ള റിപ്പോർട്ടു് ഒരുദിവസം കൊണ്ടോ, രണ്ടുദിവസം കൊണ്ടോ അവസാനിപ്പിക്കാൻ സാദ്ധ്യമല്ല; തുടരെ, തുടരെ, ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു. രണ്ടാമത്തേതു് ഐക്യകേരളസൃഷ്ടിയ്ക്കു് വേണ്ടതായ ഉപദേശങ്ങൾ നല്കുകയെന്നുള്ളതാണു". ഇതും, ഒന്നോ, രണ്ടോ, മാസങ്ങൾകൊണ്ടു് അവസാനിപ്പിക്കാൻ സാദ്ധ്യമല്ല. മൂന്നാമതായി പരിപൂർണ്ണമായ ഉത്തരവാദഭരണത്തിൽ അധിഷ്ഠിതമായ ഒരു ഭരണക്രമം ഉണ്ടാക്കാനുള്ള ഉപദേശം നൽകുകയെന്നതാണു". ഈ മൂന്നുചുമതലകളാണു് കമ്മിറ്റിയെ ഏല്പിച്ചിട്ടുള്ളതു്. കമ്മിറ്റിയ്ക്കുത്തു് നടക്കുന്നസംഗതികൾ മുഴുവൻ സാധാരണയായി പുറത്തു് പറയാറില്ല. പറഞ്ഞാൽ പല ബുദ്ധിമുട്ടുകളും ഉണ്ടായി എന്നു് വരാം. എങ്കിലും, ഈ നിയമസഭാസമ്മേളനത്തിൽവച്ചു്, അതിനെക്കുറിച്ചു് ചിലതു് പറയാം. കൊച്ചിയ്ക്കു് ഒരു ഭരണക്രമം ഉണ്ടാക്കേണ്ടകാര്യത്തേക്കുറിച്ചുള്ള കമ്മിറ്റിയുടെ പ്രവർത്തി മിക്കവാറും പൂർത്തിയായികഴിഞ്ഞിട്ടുണ്ടു്. കമ്മിറ്റിയുടെ ഒരു സിറ്റിങ്ങിൽവച്ചു് ചെയർമാനെ അധികാരപ്പെടുത്തിയതനുസരിച്ചു്, കോൺസ്റ്റിറ്റ്യൂഷന്റെ കരടുപകർപ്പു് കമ്മിറ്റിയ്ക്കു് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ടെന്നും, അതിന്മേൽ പലഭാഗങ്ങളും കമ്മിറ്റി പാസാക്കിക്കഴിഞ്ഞിട്ടുണ്ടു് എന്നും. ഈയവസരത്തിൽ സഭയെ അറിയിക്കാൻ എനിയ്ക്കു് വളരെ സന്തോഷമുണ്ടു്. ഇതിനെക്കുറിച്ചു് പലവിധത്തിലുള്ള ആക്ഷേപങ്ങളും പുറത്തുണ്ടു്. എങ്കിലും, ശരിയായ ഒരു സ്വാതന്ത്ര്യമില്ലാത്ത ഒരു വ്യക്തിയുടെ നിലയിൽ, പുറത്തുപറയാൻ സൌകര്യമില്ലാത്ത ഒരു അസ്വതന്ത്രന്റെ നിലയിൽ ഈ ആക്ഷേപങ്ങളെ എനിക്കും, എന്റെ സഹപ്രവർത്തകന്മാർക്കും കേട്ടുനില്ക്കാനുള്ള കഷ്ടകാലമുണ്ടായിട്ടുണ്ടു്. എന്നാൽ ഇപ്പോൾ ഇതിനെസംബന്ധിച്ചു ഒരു വാദപ്രതിവാദം വന്നതുകൊണ്ടാണു് ഞാൻ ഇത്" പറയുന്നതു്. അരമണിക്കൂർ കൊണ്ടു്, ഒരു കോൺസ്റ്റിറ്റ്യൂഷൻ എഴുതിയുണ്ടാക്കാമെന്നു്, വീരവാദംചെയ്ത പനമ്പിള്ളി ഗോവിന്ദമേനവൻ, ഇതുവരേയും, എന്തുകൊണ്ടാണു് ഒരു കോൺസ്റ്റിറ്റ്യൂഷൻ എഴുതിതീർക്കാത്തത്" എന്നു്, ഒരാൾ ഒരവസരത്തിൽ ചോദിച്ചുതായി ഞാൻ അറിയുകയുണ്ടായി. അരമണിക്കൂർകൊണ്ടു്, ഒരു കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കാം എന്നു് പറയാനുള്ള ബാലിശത്വം എനിയ്ക്കുണ്ടെന്നുതോന്നുന്നില്ല. എന്നാൽ ഇന്ത്യയ്ക്കു് ഒരു പുതിയ കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കേണ്ടതിനായി ഫ്രം ദ ഡിസമ്പർ സെഷൻ സമ്മേളിച്ചുതുടങ്ങിയ കോൺസ്റ്റിറ്റ്യുവെന്റ് അസംബ്ലിയുടെ പ്രവർത്തനം കുറച്ചു് സൂക്ഷ്മതയോടുകൂടി ശ്രദ്ധിയ്ക്കേണ്ട ആവശ്യം, ഈ കമ്മറ്റിയ്ക്കു് നേരിട്ടുകയുണ്ടായി. കൊച്ചി യൂണിയനിൽ ചേരേണ്ടതാണെന്നു് മഹാരാജാവു് തിരുമനസ്സുകൊണ്ടു് പ്രഖ്യാപിച്ചിട്ടുണ്ടു്. അപ്പോൾ അവിടെ നടക്കുന്നഭരണസമ്പ്രദായത്തിന്റെ പരിണാമങ്ങളെക്കുറിച്ചു് ആലോചിയ്ക്കേണ്ട ആവശ്യമുണ്ടു്. അതിന്റെ രൂപം ഏറക്കുറെ പുറത്തുവരുന്നതോടുകൂടി അതേസമ്പ്രദായത്തിലുള്ള സംഗതികളും ഇവിടെയും ചെയ്യേണ്ടിവരും. അതുകൊണ്ടു് പ്രത്യക്ഷമായിട്ടില്ലെങ്കിലും, പരോക്ഷമായി, കമ്മിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചു് ഇവിടെ ചെയ്തിട്ടുള്ള പ്രസ്ഥാവനകൾക്കു് ഒരു സമാധാനമെന്നോണമാണു് ഞാൻ ഇത്രയുംപറഞ്ഞിട്ടുള്ളതു്. ശ്രീമാൻ കുമാരനെഴുത്തച്ഛന്റെ പ്രസംഗത്തിൽ, മനുഷ്യസ്വഭാവത്തിന്റെ സഹജമായ പ്രവർത്തനമനുസരിച്ചു്, മന്ത്രിമാർ ഈ തിരഞ്ഞെടുപ്പു് നീട്ടിക്കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകാൻ ഉത്സാഹിക്കുമെന്നുപറഞ്ഞതിൽ എനിയ്ക്ക് വളരെ ഖേദമുണ്ട്. ഈ കാര്യത്തിൽ മന്ത്രിമാക്ക് എല്ലാവക്കും വളരെ മനോവേദനയുണ്ട്; മന്ത്രിമാരുടെ പാർട്ടിയിലെ അംഗങ്ങൾക്കും വളരെ വിഷാദമുണ്ട്. ഒരു സംഗതി വളരെ വ്യക്തമായിപറയാം. 21 വയസ്സ് തികഞ്ഞ ആളുകൾമേന്ന് വോട്ടവകാശത്തിന്മേൽ അല്ല, 21 വയസ്സുള്ളവർ വോട്ടുചെയ്യുന്ന ഒരു നിയോജകമണ്ഡലത്തെതന്നെ അഭിമുഖീകരിയ്ക്കുവാൻ അശേഷം ധൈര്യമുള്ളവർ ആരും ഈ ഭാഗത്തുണ്ടെന്ന് ശ്രീമാൻ കുമാരനെഴത്തശ്ശനോ, അല്ലെങ്കിൽ മറ്റാരെങ്കിലുമോ, തെറ്റിദ്ധരിയ്ക്കേണ്ട ആവശ്യമില്ല. ഇതു് ഭരണസാരഥ്യം വഹിക്കുന്ന മന്ത്രിമാരുടെ പ്രവർത്തനങ്ങളെക്കുറിച്ച് എഴുക്കുന്ന ചാർജർ ഏതുവിധത്തിലുള്ള ഗർജ്ജനപ്രവാഹം മുഴക്കിയാലും മന്ത്രിമാർ ചെയ്യുന്നപ്രവർത്തനങ്ങളെക്കുറിച്ച് കൊച്ചിയിലെ ജനങ്ങളുടെയിടയിൽ ഒട്ടും അസംതൃപ്തി ഉണ്ടാക്കാൻ കഴികയില്ല. അതിനാൽ വളരെ ഉത്സാഹത്തോടുകൂടി ഉന്മേഷത്തോടുകൂടി അതിനെ നേരിടാൻ തയ്യാറായിട്ടാണ് ഞങ്ങൾ ഇരിക്കുന്നതു് എന്ന് ഈ സഭയിലെ എല്ലാ വിഭാഗക്കാരും മനസ്സിലാക്കണം.

റഫറണ്ടത്തെക്കുറിച്ച് ശ്രീമാൻ തോമക്കുട്ടി ഇവിടെ പറയുകയുണ്ടായി. എന്നാൽ കൊച്ചിയിലെ ഭക്ഷണഡിപ്പാർട്ടുമെണ്ടിലെ സകലവിധത്തിലുള്ള കൺട്രോളുകളും എടുത്തുകളയണം കച്ചവടക്കാക്ക് അതു് മുഴവൻ എല്പിച്ചുകൊടുക്കണം എന്നുള്ളകാര്യത്തെക്കുറിച്ച്, അദ്ദേഹം ഒരു റഫറണ്ടം നടത്തിയിട്ട് 60 ശതമാനം ആളുകൾ എങ്കിലും, അദ്ദേഹത്തിനു് വേണ്ടി വോട്ടുചെയ്യുകയാണെന്നുണ്ടെങ്കിൽ അതിന്നുശേഷം മാത്രം ഈ കാര്യംകൊണ്ടുവന്നാൽ മതിയെന്നാണ് എനിയ്ക്ക് പറയാനുള്ളതു്. ഇത്രശക്തിയായി ഇതുപറയണം എന്നു് ഞാൻ ആഗ്രഹിച്ചിരുന്നില്ല. ഞാൻ ഈ പറഞ്ഞത് കടന്നുപോയിട്ടുണ്ടെങ്കിൽ എനിയ്ക്കതിനു് മാപ്പുതരണം. അശേഷം ഭയം, പ്രായപൂർത്തിവോട്ടകാശത്തിന്മേൽ നടത്തുന്ന തിരഞ്ഞെടുപ്പിനെപ്പറ്റി ആർക്കും ഇല്ല. കൊച്ചിയിലെ ജനങ്ങൾ മൂഢന്മാരാണെന്നോ, ബുദ്ധിയില്ലാത്തവരാണെന്നോ, ഉള്ള അബദ്ധാരണ മന്ത്രിമാക്കോ, മന്ത്രിമാരുടെ പാർട്ടിയിലുള്ളവക്കോ ഇല്ല. കഴിഞ്ഞ എതാനും കാലമായി ഞങ്ങൾ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളിൽ പലവിധത്തിലുള്ള പരിമിതികൾ ഉണ്ടായിരിക്കാം; പലവിധത്തിലുള്ള അബദ്ധങ്ങൾ ഉണ്ടായിരിക്കാം; പലവിധത്തിലുള്ള ന്യൂനതകൾ ഉണ്ടായിരിക്കാം. പലവിധത്തിലുള്ള പരിമിതികൾക്കു് ആധീനരായിട്ടാണ് ഞങ്ങൾ പ്രവർത്തിയ്ക്കുന്നതു് എന്ന് ഈ സഭയിലുള്ളവക്കു് അറിയുകയുംചെയ്യാം. എങ്കിലും ഈ വക കാര്യങ്ങളെ നേരിടാൻ അശേഷംഭയമില്ലെന്നുപറയാൻ ഈ അവസരത്തെ ഞാൻ ഉപയോഗിക്കുന്നു. എന്റെ സ്നേഹിതൻ ശ്രീമാൻ കുമാരനെഴത്തശ്ശൻ ഈ വിധത്തിലുള്ള ആരോപണങ്ങൾക്കു് ഉദ്ഭവിച്ചതിൽ എനിയ്ക്കു് വലിയ ആക്ഷേപമുണ്ട്. അദ്ദേഹം അതിനെസംബന്ധിച്ച് വെറുതെ ചിലവാക്കുകൾ പറഞ്ഞുഎന്നുമാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: വാക്കുകൾ തൂക്കിയെടുത്താണ് പറഞ്ഞതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയാണെങ്കിൽ പ്രായപൂർത്തിവോട്ടവകാശത്തോടുകൂടി നടക്കുന്ന തിരഞ്ഞെടുപ്പിൽ ശ്രീമാൻ കുമാരനെഴത്തശ്ശനെപ്പോലെയുള്ളവരുടെ പ്രവർത്തനങ്ങളെ ഈ നാട്ടിലെ ജനങ്ങൾ ഏതുവിധത്തിലാണ് വീക്ഷിക്കുന്നത് എന്നു് കാണുവാൻ കൌതുകമുണ്ട്. ഇതിനെക്കുറിച്ച് ഇനി അധികം പറയേണ്ട ആവശ്യമില്ല. ഇനി വിഷയത്തിലേയ്ക്ക് കടക്കട്ടെ. ഏലക്ഷൻ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവർത്തനങ്ങൾ ഏറ്റവും ഊർജ്ജിതമായ നിലയിൽ നടത്തണമെന്നാണ് ഗവർമ്മെൻറിന്റെ ഉദ്ദേശം. അതിനാൽ മന്ത്രിമാരുടെ നിലയിലും, കൊൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസറി കമ്മറ്റിയിലെ അംഗങ്ങൾ എന്ന നിലയിലും ഞങ്ങൾ അതിന്റെ നടപടികളിൽ ഇടപ്പെടുന്നുണ്ടെന്നു് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മന്ത്രിമാരുടെ നിലയിൽമാത്രമല്ല, കൊൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസറി കമ്മറ്റിയിലെ അംഗങ്ങൾ എന്നനിലയിലും, ഈ സംഗതികളെ ത്വരിതപ്പെടുത്തേണ്ട ആവശ്യം ഞങ്ങൾക്കുണ്ടു്. ഈ സംഗതി വേഗത്തിൽ നടന്നുകാണണമെന്ന ആഗ്രഹം നിയമസഭ വ്യക്തമാക്കിയതിൽ ഗവർമ്മെൻറിനു സന്തോഷമേ ഉള്ളു എന്നും എത്രയും വേഗത്തിൽ, ഈ സംഗതികൾ നടത്താനുള്ള നടപടികൾ എടുക്കും എന്നും, ഈയവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത്രമാത്രമേ എനിക്കിപ്പോൾ പറയാനുള്ളൂ.

മിസ്റ്റർ പി. നാരായണമേനോൻ: കോൺസ്റ്റിറ്റ്യൂഷനൽ ആക്ട് തയ്യാറായി കഴിഞ്ഞോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി ഇവിടെ പറഞ്ഞുകഴിഞ്ഞല്ലോ.

മിസ്റ്റർ പി. നാരായണമേനോൻ: കോൺസ്റ്റിറ്റ്യൂഷനൽ ആക്ട് തയ്യാറാകാതെ എലക്ടാറൽ റോൾ പ്രിപ്പയർ ചെയ്യാൻ സാദ്ധ്യമല്ലല്ലോ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കോൺസ്റ്റിറ്റ്യൂഷനൽ ആക്ടും എലക്ടോറൽ റോൾസ്സും തമ്മിൽ ബന്ധമില്ല. ഇന്നയിന്ന, നിയോജകമണ്ഡലങ്ങളിൽ ഇന്നയിന്ന, വില്ലേജുകളാണ്, ഉൾക്കൊള്ളുന്നത് എന്നു് കോൺസ്റ്റിറ്റ്യൂഷനൽ ആക്ടിൽ അല്ലാ തീരുമാനിക്കുക.

മിസ്റ്റർ പി. നാരായണമേനോൻ: എന്നാലും കോൺസ്റ്റിറ്റ്യൂഷനൽ ആക്ടിനോട് യോജിച്ചുവിധത്തിലല്ലേ എലക്ടോറൽ റോൾസും ഉണ്ടാക്കുക? അപ്പോൾ കോൺസ്റ്റിറ്റ്യൂഷനൽ ആക്ട് ഉണ്ടായതിനുശേഷമല്ലേ, എലക്ടോറൽ റോൾസ്സ് ഉണ്ടാക്കാൻ തരമുള്ളൂ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കോൺസ്റ്റിറ്റ്യൂഷനൽ ആക്ടിൽ എലക്ടോറൽ റോൾസ്സിനെപ്പറ്റിയല്ലാ പറയുന്നതു്. ഗവർമ്മേൻറ് ഓഫ് കൊച്ചിൻ ആക്ട് എടുത്തുനോക്കിയാൽ നിയോജകമണ്ഡലങ്ങൾ ഏതൊക്കെയാണു് ഏതെല്ലാം വില്ലേജുകളാണു് ഓരോ നിയോജകമണ്ഡലങ്ങളിലും അടങ്ങിയിരിക്കുന്നതു്, എന്നൊന്നും കാണുകയില്ല. കോൺസ്റ്റിറ്റ്യൂഷനൽ ആക്ടിൽ ലജിസ്ലേച്ചറിന്റെ പവ്വർ എന്തൊക്കെയാണു് എക്സിക്യൂട്ടീവ് ഏതുസമ്പ്രദായത്തിൽ ഉള്ളതായിരിക്കണം, എന്നെല്ലാമുള്ള വിഷയങ്ങൾമാത്രമെ കാണുകയുള്ളൂ. ഫ്രാഞ്ചൈസ്-ലെ ഗവർമ്മേൻറ് ഓഫ് കൊച്ചിൻ ആക്ടിലും ഈവക വിഷയങ്ങളാണുള്ളതു്. ഗവർമ്മേൻറ് ഓഫ് ഇന്ത്യാ ആക്ടിലും ഇത്തരം വിഷയങ്ങൾമാത്രമെ കാണുകയുള്ളൂ. അതുകൊണ്ടു് കോൺസ്റ്റിറ്റ്യൂഷനൽ ആക്ടും, എലക്ടോറൽ റോൾസ്സും തമ്മിൽ ബന്ധമില്ല.

മിസ്സിസ്സ്. കെ. എം. ആർ. മേനോൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഞാൻ ഇതിനെ പിൻതാങ്ങുന്നതു് എലക്ഷൻ എസ്റ്റിമേറ്റിൽ കൊള്ളിച്ചിട്ടുള്ള ൨,൫ ലക്ഷം രൂപയിൽ ഒരു രൂപ കുറയ്ക്കണമെന്നോ, പത്തു് രൂപ കൂട്ടണമെന്നോ, പറയേണ്ട ആവശ്യത്തിലേയ്ക്കായിട്ടല്ല. എന്നാൽ എലക്ടോറൽ റോൾ തയ്യാറാക്കുന്നതിനുമുമ്പു് ഞങ്ങളുടെകൂടെ പറഞ്ഞില്ലെങ്കിൽ, അതു് സാധിക്കുകയില്ലായെന്നു് വിചാരിച്ചാണു് ഞാൻ ഇപ്പോൾ ഇതു പറയുന്നതു്. ജനസംഖ്യകൊണ്ടു് നോക്കിയാൽതന്നെ കൊച്ചിൻസ്റ്റേയിറ്റിൽ അധികവും സ്ത്രീകളാണു് ഉള്ളതു് എന്നു കാണാം. പുതിയ എലക്ടോറൽ റോൾസ്സു് വരുന്നു എന്നു കേട്ടപ്പോൾതന്നെ എന്റെ സ്നേഹിത, മിസ്സിസ്സ്. ടി. ഫ്രാൻസിസ്സ്, എല്ലാ വിമൻസ്സു് അസോസിയേഷനും സർക്കുലർ അയച്ചു, എല്ലാവരുടേയും ഒപ്പുകൾവാങ്ങി ഞങ്ങൾക്കു് കൌൺസിലിൽ അധികം സീറ്റുകൾ വേണമെന്നുപറഞ്ഞു് ഒരു ഹജ്ജി അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിനെപ്പറ്റി പിന്നീടൊന്നും കേൾക്കുന്നില്ല. അതു് വേസ്റ്റു് പേപ്പർ ബാസ്കറ്റിൽ പോയിട്ടുണ്ടെന്നാണു തോന്നുന്നതു്. സ്ത്രീകളുടെ കാര്യത്തെപ്പറ്റി പറയാൻ ആരേയും ഇവിടെ കാണുന്നില്ല. മന്ത്രിമാരുടെ കാര്യത്തെപ്പറ്റി പറഞ്ഞപ്പോൾ മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനവൻ എഴുന്നേറ്റു് അതിനുത്തരം പറഞ്ഞു. എന്നാൽ സ്ത്രീകളുടെ കാര്യത്തെപ്പറ്റി പറഞ്ഞപ്പോൾ ആരും എഴുന്നേല്ക്കുന്നതായി കാണുന്നില്ല. ഈ കാര്യംകൊണ്ടുമാത്രമാണു് കൌൺസിലിൽ കൂടുതൽ റപ്രസന്റേഷൻ വേണമെന്നു ഞാൻ പറയുന്നതു്. ഞങ്ങളെ വിമൻസ്സു് എന്നുള്ള നിലയിൽതന്നെ ട്രീറ്റ്ചെയ്യാൽ മതി. പുരുഷന്മാരെപ്പോലെ ഞങ്ങളെ ട്രീറ്റ് ചെയ്യണമെന്നു് പറയാൻ, അത്രബുദ്ധിയില്ലാത്തവരല്ലാ ഞങ്ങൾ. അതുകൊണ്ടു് ഞങ്ങൾക്കു് പറയാനുള്ളതു് പുതിയ എലക്ടോറൽ റോൾസ്സു് തയ്യാറാക്കുമ്പോൾ ഒരു താലൂക്കിനു് ഒരു സ്ത്രീ വീതം ഉള്ളനിലയിൽ ഞങ്ങൾക്കു് ഈ കൌൺസിലിൽ റപ്രസന്റേഷൻ തരണം എന്നാണു്. ഈ കാര്യം നിങ്ങളുടെ മുമ്പിൽ വയ്ക്കാൻവേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു്.

മിസ്സിസ്സ്. ടി. ഫ്രാൻസിസ്സ്: സർ, ഞാനും, ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. സ്ത്രീകളുടെ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട തുശ്ശിവപേരൂർ ലേഡിമെമ്പർ പറഞ്ഞതിനെ പിൻതാങ്ങാനെങ്കിലും എനിക്കു് ഇടവന്നല്ലൊ എന്നുള്ളതിൽ എനിക്കു് വളരെ സന്തോഷമാണുള്ളതു്. സ്ത്രീകളുടെ കാര്യത്തെപ്പറ്റി പറയുമ്പോൾ എല്ലാവരും ചിരിച്ചുകൊണ്ടിരിക്കുകയേ ഉള്ളൂ. ആരും അതിനെ ഗൌരവമായി എടുക്കുന്നില്ല. അങ്ങിനെയല്ലാവേണ്ടതു്. ഞങ്ങൾക്കു് വളരെയധികം കാര്യങ്ങൾ സാധിക്കാനുണ്ടു്. കൌൺസിലിൽ ഞങ്ങളുടെ കാര്യങ്ങൾ പറയാൻ ഞങ്ങൾതന്നെവേണം. അതുകൊണ്ടു് നിങ്ങളോടപേക്ഷിക്കുന്നു ഞങ്ങളുടെ അഭിലാഷം സഫലമാക്കി തരണമെന്നു്. ഇപ്പോഴത്തെ ഫ്രാഞ്ചൈസ് റിപ്പോർട്ട്പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ആഭരണങ്ങളും ആയി രണ്ടു സ്ത്രീകളും ഇവിടെ വന്നിരിക്കുന്നു എന്നു മാത്രമെയുള്ളു. അതു കൊണ്ടു് യാതൊരു കാര്യവുമില്ല. ലോകമൊട്ടാകെ സ്ത്രീകളുടെ അവകാശങ്ങളും വകവെച്ചു കൊടുക്കണമെന്നു തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു. ആ അവകാശങ്ങളും ഇവിടേയും വേണമെന്ന അഭിപ്രായക്കാരിയാണു് ഞാൻ. പക്ഷേ, ഞങ്ങളുടെ പ്രതിനികളും ഇല്ലാതെ അതു് എങ്ങിനെയാണു് ഇവിടെ പറയുക? ഇതിനെപ്പറ്റി ഈ രാജ്യത്തിലെ സ്ത്രീകളുടെ പത്തു് പന്ത്രണ്ടു്, അസോസിയേഷൻ ഒരു നിവേദനം ഗവർമ്മെൻറിനെറ അടുക്കൽ സമർപ്പിച്ചിട്ടുണ്ടു്. എന്നാൽ അതു്, വേയിസ്റ്റ്പേപ്പർ ബാസ്കറ്റിൽ പോയിട്ടുണ്ടോ എന്നാണു് സംശയം. ഏതായാലും നിങ്ങളും ഒന്നുകൂടി ആലോചിച്ചു്, കുറെ അധികം സ്ത്രീകളും നിയമസഭയിൽ വരത്തക്കവിധത്തിൽ ഏർപ്പാടുചെയ്യണമെന്നു് ഞങ്ങളും അപേക്ഷിക്കുന്നു. ഇവിടെ ഫർ ½ ലക്ഷം ജനങ്ങളും ഉള്ളതിൽ അധികവും സ്ത്രീകളാണു് ഉള്ളതു് എന്നു് നിങ്ങളും മറന്നുപോകരുതു്. ആയതുകൊണ്ടു് ഞങ്ങളുടെ ഈയപേക്ഷ നിങ്ങളും സാധിച്ചുതരണമെന്നാണു് ഞാൻ പറയുന്നതു്.

ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ ധാരാസിങ്ങും, കുമാരനെഴുത്തശ്ശനും പറഞ്ഞതുപോലെ എലക്ഷൻറെ കാര്യത്തിൽ കുറച്ചുകൂടി ഉത്സാഹത്തോടുകൂടി ഗവർമ്മെൻറിൽനിന്നു് പ്രവർത്തിക്കണം. അഡൽട്ട് ഫ്രാഞ്ചൈസു് എന്ന നിലയിൽ ഉടനെ ഒരു എലക്ഷൻ നടത്തിക്കാണാൻ പൊതുജനങ്ങൾക്കു് വളരെ ആഗ്രഹം ഉണ്ടെന്നു് ഞാൻ പറഞ്ഞുകൊള്ളട്ടെ. നാം ആഗ്രഹിച്ചിട്ടുള്ളതായ പരിപൂർണ്ണമായ ഉത്തരവാദഭരണം ഉടനെ നടപ്പിൽവരുത്താൻ ഈ എലക്ഷൻ എത്രയും വേഗത്തിൽ നടത്തണമെന്ന ആഗ്രഹം ജനങ്ങളുടെയിടയിലുണ്ടു്. ഇന്നത്തെ ഈ ഭരണസമ്പ്രദായം നീട്ടിക്കൊണ്ടുപോകണം എന്നുള്ള അഭിപ്രായമാണു് ഇന്നു് പൊതുജനങ്ങളുടെയ ടയിലുള്ളതു്. ആയതുകൊണ്ടു് എത്രയും വേഗത്തിൽ, എലക്ഷൻ നടത്തണം എന്നുള്ള അഭിപക്ഷയാണു് ഞങ്ങൾക്കുള്ളതു്. അതോടുകൂടി സ്ത്രീകളുടെ കാര്യവും സാധിച്ചു കിട്ടണം. ഓരോ താലൂക്കിൽനിന്നു് ഓരോ സ്ത്രീയെങ്കിലും, ഞങ്ങളുടെ പ്രതിനിധിയായി ഉണ്ടായിരിക്കണമെന്നാണു് ഞങ്ങളുടെ അപേക്ഷ. ഇത്രമാത്രമെ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : സർ, ഭരണിപ്പാട്ടമുതൽ ഗവൽഗീതവരെ അറിയാവുന്ന മന്ത്രിക്കും അദ്ദേഹത്തിൻറെ പാർട്ടിക്കും പൊതുജനങ്ങളെ എലക ഷനിൽവച്ചു് അഭിമുഖീകരിക്കാൻ സാദ്ധ്യമല്ലെന്നു് പറയാനുള്ള പ്രാപ്തി എനിക്കില്ല. എന്നാൽ മറവുള്ള ആളുകളെപ്പറ്റി കുറ്റം പറയുന്നതിനുമുമ്പു് അവനവനും വല്ല കുറവുമുണ്ടോ എന്നും മറവുള്ളവരെപറ്റി കുറ്റം പറയേണ്ടതു് ഏതു സന്ദർഭത്തിലാണു്, ഏതു സംഗതിയിലാണു് എന്നും ആലോചിയ്ക്കാൻ ഞാൻ അദ്ദേഹത്തോടു് വളരെ താഴ്മയായി അപേക്ഷിക്കുന്നു. വായിലെ നാവു് അത്ര കൂർത്തകയല്ല. അതുകൊണ്ടു് നഗ്നത മറയ്ക്കുവാൻ സാദ്ധ്യമല്ല. അതിനു് ശ്രമിക്കുന്നതുകൊണ്ടു് തലയ്ക്കു് ക്ഷതം കൂടുതലാകും എന്നുമാത്രമേയുള്ളൂ.

Mr. President : The Hon'ble member will please confine himself to the subject.

Mr. K. Balakrishna Menon *(Cheruthruthy)* : I regret very much that Iam only replying to what has been already introduced by the Hon'ble Minister for Food and Education. The Minister had absolutely no business to introduce this matter here. Since he has been allowed to do so, I have to reply to it. The matter in issue is in regard to the establishment, in regard to the allotment that is now claimed here. For that purpose why is that "Kazhuthagarjanam' about the political parties elsewhere introduced here? In what way is it relevant? We aloo happen to be members of some of the political parties. It is therefore irrelevant and ought not to have been allowed here. Iam afraid the cat bites much more.

ഞാൻ താഴ്മയായി ഈ സഭയോടു പറയുന്നതു് അദ്ദേഹം പറഞ്ഞിട്ടുള്ള ഓരോ വാക്കുകളെ സംബന്ധിച്ചും, അദ്ദേഹത്തിൻറെ പാർട്ടിക്കുവേണ്ടി നാട്ടുകാരുടെ അടുക്കൽ ചെയ്തിട്ടുള്ള ഓരോ പ്രതിജ്ഞകളെ സംബന്ധിച്ചും, ഒരു മിനിട്ടു് നേരം അദ്ദേഹം ഒന്നാലോചിച്ചുനോക്കുകയാണെങ്കിൽ ഇത്രമാത്രമല്ലാ ജനങ്ങൾക്കു് സംശയമുണ്ടാകുക എന്നാണു്. എലക്ഷൻ അടുത്തകാലത്തു് ഉണ്ടാകുകയില്ലായെന്നു് ജനങ്ങളും സംശയിക്കുന്നതിൽ എന്താണു് തെറ്റു്? കുംഭമാസത്തിൽ ഇലക്ഷൻ ഓഫീസറെ വച്ചു എങ്കിലും ഇടവമാസത്തിലെ സ്റ്റാഫിനു് അപേക്ഷിച്ചിട്ടുള്ള എന്നു പറയുന്നു. ഈ മൂന്നുമാസം അവർ എന്തു ചെയ്യും? ആ മാസത്തിൽ കൂടുതൽ മന്ത്രിപദത്തിൽ ഇരിയ്ക്കാൻ ഞങ്ങൾക്കു് ആഗ്രഹമില്ല. അതിനുമുമ്പു് കാര്യങ്ങളും വേണ്ടപോലെ ആക്കികടന്നുപോകാൻ ഞങ്ങളും തയ്യാറാണു് എന്നുപറഞ്ഞതു്, ഞാൻ അല്ലാ, അദ്ദേഹമാണു്. ഇന്ത്യൻ യൂണിയൻ ഉള്ളേടത്തോളംകാലം അതായതു്;

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Menon]

സൂര്യനും ചന്ദ്രനും ഉള്ളേടത്തോളം കാലം അഡൈ്വസറിക്കമ്മറിയെ നിലനിത്തണം എന്നാണ പറയുന്നതു്. അതുകൊണ്ടു് ഏലക്ഷൻ അട്ടത്തുണ്ടാകാൻ പോകുന്നില്ലായെന്നു് ആരെങ്കിലും ശങ്കിക്കുന്നുണ്ടെങ്കിൽ അതിൽ തെറ്റുണ്ടോ? കുംഭമാസത്തിൽ ഏലക്ഷൻ ഓഫീസറെ നിയമിച്ചു. പക്ഷേ, ഇടവത്തിലാണു് അവരുടെ സ്റ്റാഫിന്റെ കായ്യം ആലോചിച്ചതു്. മീനം, മേടം, ഇടവം, ഈ മൂന്നമാസം, അവക്കു് ശമ്പളം വെറുതേ കൊടുക്കുകയല്ലേ ചെയ്തത്? ഇതിനെപ്പറ്റി പൊതുജനങ്ങൾക്കു ചോദിക്കാനധികാരമില്ലേ? പക്ഷേ, ഇന്നദ്ദേഹം പറയുന്ന ഭരണിപ്പാട്ടു മുതൽ ഭഗവൽ ഗീതവരെ തനിയ്ക്കറിയാമെന്നു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഞാൻ ഇതിനെപ്പറ്റി പറഞ്ഞപ്പോൾ മാണി ബിം മെമ്പർ എവിടെയായിരുന്നു? ഉറങ്ങികിടക്കുകയായിരുന്നോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ഞാൻ ഉറങ്ങി കിടക്കുകയായിരുന്നില്ല. ഇതു് ഇവിടെവച്ചു് പറഞ്ഞതല്ലാ, മറ്റൊരു ദിക്കിൽ വച്ചാണു് പറഞ്ഞതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇന്നു് പറയുന്ന എന്നു പറഞ്ഞു. അതിനെപ്പറ്റിയാണു് ഞാൻ ചോദിച്ചതു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ഇതു് മാത്രമല്ലാ, അട്ടായെന്നും പൊട്ടക്കുളത്തിലെ തവളയെന്നും മറ്റും ഓരോ സന്ദർഭത്തിൽ അദ്ദേഹം, ആക്ഷേപിച്ചിട്ടുണ്ടു്. വായിലെ നാവിന്റെ നീളമനുസരിച്ചു് ഇങ്ങിനെ എത്രവേണമെങ്കിലും കുറേം പറയാൻ സാധിക്കും

Mr. President: These are all general observations.

Mr. K. Balakrishna Menon *(Cheruthuruthi):* But unfortunately Sir, you allowed to introduce all these matters.

Mr. President : No, only to a certain extent. I found they were relevant and they have been justified.

Mr. K. Balakrishna Menon *(Cheruthuruthy:* I would request the Chair whether this pattern of my argumnt is relevant or not in the matter of allaying a definite charge against Mr Kumaran Ezhuthassan. for a regular campaign has been brought into existence that the Ministers are sticking themselves like leeches.

Mr. President : I do not think that this expression was used.

Mr. K. Balakrishna Menon *(Cheruthuruthy):* In embryo it was there, not in definite words, but by implication it was there. It is only to refute that charge that I ask, is there anything wrong in people conceiving that this is a matter which is deliberately being put off by the Ministry? Is there anything wrong to think that there is a deliberate move at the helm of affairs to put off the election campaign, and the same is evidenced by the fact that you appointed officers in the month of Kumbham and they have absolutely done nothing. Once again, I am asking-do you propose to hold election in the year 1123. and what sort of work it will contemplate? And the Chief Secretary to Government tells us that so far nobody has come for the enumeration. How many teachers have come, it is not known. My friend challenges that not even two teachers have so far come in.

